OCT.: 28

# KGBEU OU ബുള്ളറ്റിൻ 55/2022

സഖാക്കളെ,

## വിഷയം: PLI

പതിനൊന്നാം കരാറിന്റെ ഭാഗമായുള്ള PLI നമുക്ക് ക്രെഡിറ്റ് ചെയ്യപ്പെട്ടിരിക്കുകയാണ്. എന്നാൽ Maternity Leave ഉൾപ്പെടെയുള്ള വിവിധ ലീവ് എടുത്തിട്ടുള്ള ജീവനക്കാർക്ക് PLI പ്രസ്തുത കാലയളവിൽ അനുവദിച്ചിട്ടില്ല. ഇത് ഒരു തരത്തിലും അംഗീകരിക്കാൻ കഴിയുന്ന കാര്യം അല്ല. PLI യുടെ കാര്യത്തിൽ ഇങ്ങനെ വെട്ടിക്കുറവ് വരുത്താമെന്ന് അതിന്റെ ക്ളോസിൽ എവിടെയും പറഞ്ഞിട്ടില്ല. ഒരു ബാങ്കിന്റെ performance അടിസ്ഥാനപ്പെടുത്തി അതിലെ ലാഭത്തിന്റെ നിശ്ചിത പങ്ക് തുല്യമായി വീതിച്ചു നൽകുക എന്നതാണ് ഉദ്ദേശിക്കുന്നത് എന്ന് ചർച്ചാ മേശയിൽ തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. വ്യക്തിപരമായി കൊടുക്കുന്ന, indi-vual performance allowance അല്ല എന്നതിനാൽ മുഴുവൻ ബാങ്കുകളിലും അവധിയുടെ കണക്ക് നോക്കാതെ ഇത് എല്ലാവർക്കും നൽകിയിട്ടുമുണ്ട്. ഇത് ശക്തമായ രീതിയിൽ HR CM നെ അറിയിക്കുകയും തുടർന്ന് GM ന്റെ ശ്രദ്ധയിൽ പെടുത്തുകയും ചെയ്തു. വിഷയം പരിശോധിച്ച് അർഹമായ ആനുകൂല്യങ്ങൾ ജീവനക്കാർക്ക് നൽകും എന്ന് GM ഉറപ്പു നൽകിയിട്ടുണ്ട്.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ